(ബി) ഓരോ പഞ്ചായത്തിലും ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ആരംഭിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഞാറയ്ക്കൽ മണ്ഡലത്തിലെ പൊക്കാളി കൃഷി സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് തയ്യാറാക്കി അത് അംഗീകരിക്കുകയും പ്രോജക്ടിന്റെ പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്. കൂടാതെ രാമവർമ്മ തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും ആഴം കൂട്ടുന്നതിനുമായി 15.46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇളങ്കുന്നപ്പുഴ പഞ്ചായത്തിൽ കുറിച്ചിപ്പാടം പാടശേഖരത്തിൽ 7.12 ലക്ഷം രൂപ ചെലവഴിച്ച് ഒരു സ്ലൂയിസ് പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. †

(സി) പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്.

പെർളയിലെ റിസർച്ച് സെന്റർ

128 [2117] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ കീടനാശിനി തളിച്ചതുമൂലം വിവിധ അസുഖങ്ങൾ ബാധിച്ചിട്ടുള്ളവരുടെ പുനരധിവാസത്തിന്റെ ഭാഗമായി പെർളയിൽ (എൺമകജെ പഞ്ചായത്ത്) ഒരു റിസർച്ച് സെന്റർ സ്ഥാപിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നോ;

(ബി) ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃഷിവകുപ്പിന്റെ പരിഗണനയിലില്ല.

ചോദ്യം നമ്പർ (2118)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

കാർഷിക കയറുമതി മേഖലയുടെ പ്രശ്നങ്ങൾ

129 [2119] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എ. സി. ജോയ്തീൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക കയറുമതി മേഖലയുടെ പ്രവർത്തനങ്ങൾ കൃഷിക്കാർക്ക് ഏതെല്ലാം വിധത്തിൽ ഗുണകരമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly